**ഭരണഭാഷ - മാതൃഭാഷ**

**ഹയർസെക്കന്ററി ഡയറക്ടറുടെ**
**ഓഫീസ്, ഹൗസിംഗ് ബോർഡ്**
**ബിൽഡിംഗ്, ശാന്തിനഗർ,**
**തിരുവനന്തപുരം.**

**നം. ഫിൻ സി1/124725/2018/എച്ച്.എസ്.ഇ** **തീയതി :28/06/2019**

## സർക്കുലർ

വിഷയം : ഹസൈവി – ബില്ലുകൾ ഓൺലൈനായി സമർപ്പിക്കുന്നത് – ഡിജിറ്റൽ സിഗ്നേച്ചർ ലഭ്യമാക്കുന്നതിനുള്ള (DSC) നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന : 1. G O(P) No.136/2018/Fin **തീയതി 23-08-2018.**

2. G.O (P).No.72/2019/Fin തീയതി 24-06-2019 നമ്പർ ഗവ. ഉത്തരവ്.

3. **09-05-2019** തീയതിയിലെ **ഫിൻ സി1/124725/2018/എച്ച്.എസ്.ഇ** നമ്പർ സർക്കുലർ.

വിവിധ വകുപ്പുകളിൽ ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ സൂചന സർക്കുലറിലും സൂചന ഉത്തരവുകളിലും പ്രതിപാദിച്ചിട്ടുള്ളതാണ്. 10-07-2019 മുതൽ ട്രഷറികളിൽ സമർപ്പിക്കുന്ന എല്ലാ സ്പാർക്ക് ബില്ലുകളിലും, 01-08-2019 മുതൽ സമർപ്പിക്കുന്ന എല്ലാ കണ്ടിജന്റ് ബില്ലുകളിലും ഡിജിറ്റൽ സിഗ്നേച്ചർ നിർബന്ധമാക്കിക്കൊണ്ട് സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹയർ സെക്കന്ററി വകുപ്പിനു കീഴിലുള്ള ഡി ഡി ഒ മാരിൽ ഇതുവരെ DSC ലഭിച്ചിട്ടില്ലാത്തവർ അതാത് ജില്ലാ ട്രഷറികളുമായി ബന്ധപ്പെട്ട് സൗജന്യമായി DSC ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ജില്ലാ ട്രഷറി ഓഫീസുകളിൽ പ്രവർത്തിക്കുന്ന കെൽട്രോണിന്റെ ഹെൽപ്പ് ഡെസ്ക് DSC ഇൻസ്റ്റാൾ ചെയ്ത് നൽകുകയും ആവശ്യമായ ട്രെയിനിംഗ് നൽകുകയും ചെയ്യുന്നതാണ്. ജില്ലാ തലത്തിലുള്ള കെൽട്രോൺ ഒഫീഷ്യൽസിന്റെ വിവരങ്ങൾ SPARK ന്റെ www.info.spark.gov.in, www.spark.gov.in/webspark എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാകുന്നതാണ്.

**Sd/-**

**സീനിയർ ഫിനാൻസ് ഓഫീസർ**